## അനുബന്ധം

## മൂല്യവർദ്ധിത സംസ്കരണ യൂണിറ്റുകളുടെ വിവരങ്ങൾ

### കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

മത്സ്യം ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിലേക്കായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ കീഴിൽ കൊല്ലം ശക്തികുളങ്ങരയിൽ ഒരു മൂല്യവർദ്ധിത മത്സ്യ സംസ്കരണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 60 ലക്ഷം രൂപയാണ് നിലവിൽ പ്ലാന്റിന്റെ പ്രതിവർഷ വിറ്റുവരവ്.

### മത്സ്യഫെഡ്

മത്സ്യഫെഡിന് കീഴിൽ കൊച്ചിയിലെ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ മത്സ്യം സംഭരിക്കുകയും അവ ശീതീകരിച്ച് കയറ്റുമതിയും ചെയ്തുവരുന്നു. പ്ലാന്റിൽ നിർമ്മിക്കുന്ന വിവിധതരം അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്ലറ്റ്, പീര എന്നീ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നു. കൂടാതെ അവിടെ നിന്നും "റെഡി റ്റു ഈറ്റ്" & "റെഡി റ്റു കുക്ക്" വിഭവങ്ങൾ "മത്സ്യഫെഡ് ഈറ്റ്സ്" & "മത്സ്യഫെഡ് ട്രീറ്റ്സ്" എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ട് തരം ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ് മാർട്ട്കൾ വഴി വിപണനം ചെയ്തു വരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ കയറ്റുമതി ഇനത്തിൽ 770 ലക്ഷം രൂപയും ശീതീകരിച്ച മത്സ്യത്തിന്റെ ആഭ്യന്തര വിപണി വഴി 324 ലക്ഷം രൂപയുടെയും മറ്റ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണിയിലൂടെ 44 ലക്ഷം രൂപയുടെയും വിറ്റുവരവ് നേടിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൈറ്റോസൺ പ്ലാന്റിൽ ചെമ്മീൻതോടിൽ നിന്നും കൈറ്റോൺ ഗുളികകളും, കൈറ്റോസാനും ഉൽപ്പാദിപ്പിക്കുന്നുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ പ്ലാന്റിൽ നിന്നും 39.38 ലക്ഷം രൂപയുടെ വിറ്റുവരവ് നേടിയിട്ടുണ്ട്.

